**11th December 2021**

**കേരളത്തിലെ ഗ്രാമീണ ബാങ്കുകളുടെ ജനമദിനം.**

ഇന്ന് ഡിസംബർ 11. കേരളത്തിൽ ഗ്രാമീണ ബാങ്ക് പ്രവർത്തനമാരംഭിച്ച സുദിനം. മലപ്പുറം ആസ്ഥാനമായി SMGB എന്ന പേരിലും തൊട്ടടുത്ത ദിവസം, ഡിസംബർ 12 ന് കണ്ണൂർ ആസ്ഥാനമായി NMGB എന്ന പേരിലും ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ ബാങ്കിംഗ് സേവനം എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടുകൂടി തുടക്കം കുറിച്ച് ഇന്നേക്ക് നാലര പതിറ്റാണ്ട് പൂർത്തീകരിക്കുകയാണ്. അതെ ദിവസങ്ങളിൽ തന്നെയാണ് ഗ്രാമീണ ബാങ്ക് ജീവനക്കാരെ അഭിമാനത്തോടെ നിവർന്നു നിൽക്കാൻ പഠിപ്പിച്ച, തുല്യ ജോലിക്ക് തുല്യ വേതനം നേടിയെടുക്കാനും അത് നില നിർത്താനും പെൻഷൻ നേടിയെടുക്കാനും മുന്നിൽ നിന്ന് പടനയിച്ച AIRRBEA എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ സമ്മേളനം ആസ്സാമിലെ ഗുവാഹട്ടിയിൽ നടക്കുന്നതും. കോവിഡ് മഹാമാരി സംഹാര താണ്ഡവമാടുന്ന ഈ കാലഘട്ടത്തിൽ മൂന്നു ദിവസങ്ങളായി നടക്കേണ്ടിയിരുന്ന സമ്മേളനമാണ് രണ്ടുദിവസങ്ങളിലായി ചുരുക്കിയത്. തൊഴിലാളികൾക്കും പൊതുമേഖലയ്ക്കും ബാങ്കിംഗ് മേഖലയ്ക്കും എതിരായ നയങ്ങൾ ശക്തിപ്രാപിക്കുന്ന കാലഘട്ടത്തിലാണ് ഇത്തവണത്തെ സമ്മേളനം നടക്കുന്നത്. ദിശാബോധത്തോടു കൂടി ഗ്രാമീണ ബാങ്ക് ജീവനക്കാരെ മുന്നോട്ടു നയിച്ചു കൊണ്ടിരിക്കുന്ന AIRRBEA എന്ന സംഘടനയ്ക്ക്, രാജ്യത്തെ തൊഴിലാളികൾക്കും പൊതുസമൂഹത്തിനും പുതിയ ഊർജവും മാനവും നൽകാൻ ഈ സമ്മേളനത്തിലൂടെ കഴിയും. കേരള ഗ്രാമീണ ബാങ്ക് എന്ന പേരിൽ പുനഃസംഘടിപ്പിച്ച നമ്മുടെ ബാങ്കിനും ഏറ്റവും മികച്ച രീതിയിൽ മുന്നേറാൻ ഇന്നത്തെ ദിവസം പ്രചോദനമാകട്ടെ എന്ന് ആശംസിച്ചു കൊണ്ട്,

അഭിവാദ്യങ്ങളോടെ

**ജനറൽ സെക്രട്ടറി**

**KGBEU OU**